# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.292 - 29/06/2016 – ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ പൊതുകടം

| **ചോദ്യം**<br><br>**ശ്രീ.പി.ഉണ്ണി** | **ഉത്തരം**<br><br>**ശ്രീ. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| (എ) 1/4/2016-ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം എത്ര എന്ന് വ്യക്തമാക്കുമോ ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31.03.2016-ൽ സംസ്ഥാനത്തിന്റെ പൊതുകടം 1,55,389.33 കോടിരൂപയായിരുന്നു. |
| (ബി) 1/4/2011-ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31.03.2011-ൽ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടിരൂപയായിരുന്നു. |
| (സി) സംസ്ഥാനത്തിന്റെ പൊതുകടം കുറച്ചുകൊണ്ടുവരുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ ? | വായ്പാത്തുക റവന്യൂ ചെലവുകൾക്കായി വിനിയോഗിക്കേണ്ടിവരുന്ന സ്ഥിതിവിശേഷ മാണ് ആശങ്കാജനകം. സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനത്തിൽ നിന്നും നിത്യനിദാന ചെലവുകൾ നടത്താൻ കഴിയണം. നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ടേ ഇത് കൈവരിക്കാനാകൂ. വായ്പയെടുത്ത് ആസ്തികൾ സൃഷ്ടിക്കുന്ന ചെലവുകൾ ചെയ്യുന്നതിൽ സർക്കാരിന് യോജിപ്പാണ്. കേന്ദ്രം അനുവദിക്കുന്ന വായ്പാ പരിധിയ്ക്ക് അനുസൃതമായി മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയൂ. വായ്പയെടുക്കുന്ന പണം മുഴുവൻ റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കേണ്ട സ്ഥിതിയിലാണ് ഇപ്പോൾ സംസ്ഥാനം. നികുതി വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും കൊണ്ടേ ഈ സ്ഥിതി വിശേഷം നേരിടാനാകൂ. |

*അക്കൗണ്ട്സ് ഓഫീസർ*